പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6292 08.07.2014 ൽ മറുപടിക്ക്

കോഴിക്കോട് എയർപോർട്ടിൽ നിന്നും യാത്ര ചെയ്യാനെത്തിയവരുടെ പാസ്പോർട്ട് തിരികെനൽകുന്നത്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ഉബൈദുള്ള | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | 2010-12 കാലയളവിൽ കോഴിക്കോട് എയർപോർട്ടിൽ നിന്നും യാത്രചെയ്യാനെത്തിയവരുടെ പാസ്പോർട്ടിലെ നിസ്സാരതെറ്റുകളുടെ പേരിൽ അവർക്കെതിരെ എടുത്ത കേസുകളുടെ ഇപ്പോഴത്തെസ്ഥിതി എന്താണ് എന്ന് വ്യക്തമാക്കുമോ; | (എ) | 2010-12 കാലയളവിൽ പാസ്പോർട്ടിൽ ജനനത്തീയതി തിരുത്തിയതുമായി ബന്ധപ്പെട്ട് നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 19 കേസുകളിൽ അന്വേഷണം പൂർത്തിയാക്കി ബഹു. കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. മറ്റുകേസുകളിൽതുടർ നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | ഈ കേസുകളെ സംബന്ധിച്ച് മലപ്പുറം ജില്ലാപോലീസ് സൂപ്രണ്ട് അന്വേഷിക്കണമെന്ന് നിർദ്ദേശിച്ചിരുന്നോ എങ്കിൽ അന്വേഷിക്കുകയും റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതിനകം എത്രപേരുടെ കേസ്സുകൾ തീർപ്പാക്കി പാസ്പോർട്ട് തിരികെ നൽകിയിട്ടു ണ്ട്; വിശദാംശം നൽകുമോ? | (സി) | 2011 ൽ 6 കേസുകളും, 2012 ൽ 4 കേസുകളും ബഹു. കോടതി തീർപ്പാക്കിയിട്ടുണ്ട്. പാസ്പോർട്ടുകൾ കണ്ടുകെട്ടി യഥാസമയം തന്നെ ബഹു. കോടതിയിൽ ഹാജരാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ